# പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 383 - 08/08/2017 - ൽ മറുപടി നൽകേണ്ടിയിരുന്നത്

## കേരളം ധനകാര്യ അസ്ഥിരതയിലാണെന്ന സി ആന്റ് എ.ജി.യുടെ വെളിപ്പെടുത്തൽ

**ചോദ്യം** | **ഉത്തരം**

ശ്രീ. എൽദോസ്.പി. കന്നപ്പിള്ളിൽ

ഡോ. ടി.എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| എ | കേരളം ധനകാര്യ അസ്ഥിരതയിലാണെന്ന സി&എ.ജി.യുടെ വെളിപ്പെടുത്തലിനോട് പൂർണ്ണമായും യോജിക്കുന്നുണ്ടോ; ഇതിന്മേലുള്ള നിലപാട് വ്യക്തമാക്കുമോ; | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി | 2016 മാർച്ച് 31ലെ കണക്കനുസരിച്ച് സംസ്ഥാന വരുമാനത്തിന്റെ എത്ര ശതമാനമായിരുന്നു കടബാദ്ധ്യത; ഇതിന്റെ തോത് ഇപ്പോൾ എത്ര ശതമാനമായി കുറയുകയുണ്ടായി; | 2016 മാർച്ച് 31 -ലെ കണക്കനുസരിച്ച് സംസ്ഥാനത്തിന്റെ കടബാദ്ധ്യത റവന്യൂ വരുമാനത്തിന്റെ 227.96 ശതമാനമായിരുന്നു. അക്കൗണ്ടന്റ് ജനറലിന്റെ യഥാർത്ഥ കണക്കനുസരിച്ച് ഇത് 31.03.2017-ൽ 246.59 ശതമാനമാണ്. |
| സി | സംസ്ഥാനത്തിന്റെ വരുമാനവും കടബാദ്ധ്യതയും തമ്മിലുള്ള തോത് 2010-11 മുതൽ 2014-15 വരെയുള്ള വർഷങ്ങളിൽ എത്ര ശതമാനം വീതമായിരുന്നു; | 2010-11 മുതൽ 2014-15 വരെയുള്ള സംസ്ഥാനത്തിന്റെ കടബാദ്ധ്യതയും റവന്യൂ വരുമാനവും തമ്മിലുള്ള അനുപാതം ചുവടെ ചേർക്കുന്നു. (ശതമാനത്തിൽ) |

| | 2010-11 | 2011-12 | 2012-13 | 2013-14 | 2014-15 |
|---|---|---|---|---|---|
| കടബാദ്ധ്യത /റവന്യൂ വരുമാന അനുപാതം | 253.86 | 235.25 | 234.63 | 242 | 233.72 |